## താങ്കൾ ആരാണ് ?

ജീവിതത്തിലെ ഏതെങ്കിലും ഘട്ടങ്ങളിൽ നമ്മോട് പലരും ചോദിച്ചേക്കാം, താങ്കൾ ആരാണ്? അതിനുള്ള ഉത്തരമായി നിങ്ങൾ പറയുന്നത് ഇങ്ങനെ ആണ്.നിങ്ങളുടെ പേര്,ജോലി,കുടുംബം,സംസ്കാരം,സമ്പത്ത് അങ്ങനെ പോകുന്നു.പക്ഷേ ഇവയിൽ ഒന്നും തന്നെ നിങ്ങളുടെ യഥാർത്ഥ വ്യക്തിത്വം വ്യക്തമാക്കുന്നില്ല.എന്നെ വായിക്കുന്ന പ്രിയ സുഹൃത്തേ,താങ്കൾ ആരാണ്? എന്ന ഒരു ചോദ്യം ഞാൻ നിങ്ങളോട് ചോദിക്കുകയാണ്. നമ്മൾ ജീവിക്കുന്ന ഈ ലോകത്തിൽ 800 കോടിയിൽ അധികം ജനങ്ങൾ ജീവിക്കുന്നുണ്ടെങ്കിലും, നിങ്ങളെപ്പോലെ നിങ്ങൾ മാത്രമേ ഉള്ളൂ. നിങ്ങളുടെ മുഖം, കണ്ണുകൾ, കൈവിരലുകൾ, ശരീരഘടന എല്ലാം തന്നെ മറ്റൊരാളുടേതിൽ നിന്ന് വ്യത്യസ്തമാണ്.നിങ്ങൾ അത്ര യുണീക്ക് (Unique)ആയിട്ടും,പെർഫെക്റ്റ് (PERFECT) ആയിട്ടും ആണ് ജനിച്ചിരിക്കുന്നത്.ഇത് യാദൃശ്ചികമായി സംഭവിച്ചതല്ല. ബൈബിൾ പറയുന്നു: 'ദൈവം തന്റെ സ്വരൂപത്തിലും തന്റെ സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു" (ഉല്പത്തി 1:27).

## നിങ്ങൾ ആരാണ്?

നിങ്ങൾ കറുത്തവരോ വെളുത്തവരോ,ആണോ പെണ്ണോ,ഏതു മതസ്ഥനോ ജാതിയിലോ ആയാലും, നിങ്ങളെ സൃഷ്ടിച്ചത് സർവ്വശക്തനായ ദൈവമാണ്. തിരുവചനം പറയുന്നു:'ഞാൻ നിന്നെ അത്ഭുതകരവും അതിശയകരവുമായി സൃഷ്ടിച്ചു" (സങ്കീർത്തനം 139:14).മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നിങ്ങൾ തിരഞ്ഞെടുത്തതല്ല.നിങ്ങൾ ജനിച്ച സാഹചര്യങ്ങൾ, ചുറ്റുപാടുകൾ, സമൂഹം എന്നിവ നിങ്ങളുടെ മേൽ ചാർത്തി തന്ന പട്ടങ്ങളാണ് . വിശുദ്ധ ബൈബിൾ പറയുന്നു ദൈവം ലോകത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും,തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു എന്നും പറയുന്നു. (ഉല്പത്തി 1:27) മനുഷ്യൻ മനുഷ്യനെ ജാതിയുടെ പേരിൽ, തൊഴിലിന്റെ പേരിൽ, നിറത്തിന്റെ പേരിൽ, ദേശത്തിന്റെയും രാജ്യത്തിന്റെയും പേരിൽ വേർതിരിച്ച് പരസ്പരം ശത്രുക്കളായി ജീവിച്ചാലും, ദൈവത്തിന്റെ കണ്ണിൽ ഓരോ മനുഷ്യനും വിലപ്പെട്ടവനാണ്.

## ദൈവത്തെ അന്വേഷിക്കുന്ന മനുഷ്യൻ.

ഓരോ മനുഷ്യന്റെയും ഉള്ളിൽ ദൈവത്തെ തേടുന്ന ഒരു ശൂന്യതയുണ്ട് എന്നത് സത്യമാണ്.അതുകൊണ്ടുതന്നെ പലരും അവനെ അന്വേഷിക്കുന്നു. എന്നാൽ ചിലർ അന്വേഷിച്ചിട്ടും കണ്ടെത്താതെ ദൈവമില്ല" എന്ന് പറഞ്ഞ് നിരീശ്വരവാദികളായിത്തീരുന്നു. മറ്റുള്ളവർ തെറ്റായ വഴികളിൽ നടന്ന് മറ്റ് പലതിന്റെയും പുറകെ പോവുകയും സ്വയം വഞ്ചിതരാവുകയും ചെയ്യുന്നു. എന്നാൽ സത്യത്തിൽ, മനുഷ്യനെ അന്വേഷിക്കുന്നതു ദൈവം തന്നെയാണ്.

## മനുഷ്യനെ അന്വേഷിക്കുന്ന ദൈവം.

മനുഷ്യൻ പാപം ചെയ്തപ്പോൾ ദൈവം അവനെ ഉപേക്ഷിച്ചില്ല.മറിച്ച്, അവനെ സ്നേഹിച്ച് ഇന്നും അന്വേഷിച്ചു കൊണ്ടിരിക്കുന്നു. നിങ്ങളുടെ കയ്യിലെത്തിയ ഈ ലഘുലേഖ പോലും, നിങ്ങളെ അന്വേഷിക്കുന്ന ദൈവത്തിന്റെ സ്നേഹത്തിന്റെ തെളിവാണ്. ഈ ലഘുലേഖ എഴുതിയ ഞാനും, ഇത് നിങ്ങളുടെ കൈകളിൽ എത്തിച്ച മനുഷ്യരും നിങ്ങളെപ്പോലെ തന്നെ ദൈവത്തിൽ നിന്ന് അകന്നു ജീവിച്ചിരുന്നവരാണ്.എന്നാൽ ദൈവത്തിന്റെ മഹാകരുണയാൽ സുവിശേഷം കേൾക്കുവാൻ ദൈവം ഞങ്ങൾക്കും ഭാഗ്യം തന്നു.ആ സുവിശേഷം ഞങ്ങളെ രക്ഷിച്ചു. അതേ സന്ദേശമാണ് ഞാൻ ഇന്ന് നിങ്ങളോടും പങ്കുവയ്ക്കുന്നത്. യഥാർത്ഥത്തിൽ നാം ആരാണെന്നും എന്തിനാണ് ഇവിടെ ജീവിക്കുന്നതെന്നും വെളിപ്പെടുത്തുന്നത് നമ്മെ സൃഷ്ടിച്ച ദൈവം മാത്രമാണ്.

## എന്താണ് സുവിശേഷം?

പാപം മൂലം ദൈവത്തിൽനിന്ന് അകന്നുപോയ മനുഷ്യനെ ദൈവത്തോട് വീണ്ടും അടുപ്പിക്കുവാൻ ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിനെ ഈ ലോകത്തിലേക്ക് അയച്ചു. 2000 വർഷങ്ങൾക്കു മുൻപ് കാൽവരിയിൽ സകല മനുഷ്യരുടെയും പാപങ്ങൾ വഹിച്ചു കൊണ്ട് യേശുക്രിസ്തു കുരിശിൽ മരിച്ച് നമ്മുടെ പാപത്തിന് പരിഹാരം വരുത്തി, മൂന്നാം നാൾ പാപത്തെയും മരണത്തെയും ജയിച്ച് അവൻ ഉയർത്തെഴുന്നേറ്റു.അവൻ ഇന്നും ജീവിക്കുന്നു! യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും പാപമോചനവും നിത്യജീവനും ലഭിക്കുന്നു. അവനെ നിങ്ങളുടെ കർത്താവും രക്ഷകനുമായി സ്വീകരിക്കുമ്പോഴാണ് യഥാർത്ഥത്തിൽ 'താങ്കൾ ആര്?" എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തുന്നത്.

എന്നെ വായിക്കുന്ന സഹോദരാ, സഹോദരി ദൈവം നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളുടെ കൂടെ വസിക്കുവാൻ ആഗ്രഹിക്കുന്നു.നിങ്ങളുടെ ഹൃദയം ദൈവത്തിനായി കൊടുക്കാം.ഞാൻ വാതിൽക്കൽ വന്ന് മുട്ടുന്നു.ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നു തന്നാൽ ഞാൻ അവരോടുകൂടെ വസിക്കും എന്ന് തിരുവചനത്തിൽ പറയുന്നു.എന്നെ വായിക്കുന്ന പ്രിയ മിത്രമേ,ഇനി എന്തിന് വൈകുന്നു? ദൈവം നിങ്ങളോട് കൂടെ വസിക്കുവാൻ ആഗ്രഹിക്കുന്നു. ഈ പ്രാർത്ഥന വിശ്വാസത്തോടെ ഏറ്റു പറയുക.ദൈവമേ ഞാൻ ഒരു പാപിയാണ്. എന്റെ പാപത്തിനു വേണ്ടി അങ്ങ് കുരിശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങയുടെ വചനത്തിൽ പറഞ്ഞിരിക്കുന്ന പാപമോചനവും നിത്യജീവനും എനിക്ക് നൽകണമേ.ഞാൻ മരിക്കേണ്ട സ്ഥാനത്ത് അങ്ങ് എനിക്കുവേണ്ടി മരിച്ചതിന് ഞാൻ നന്ദി പറയുന്നു.യേശുവേ എന്റെ ജീവിതത്തിന്റെ കർത്താവും രക്ഷിതാവും ആയിരിക്കണമേ,എന്നെ അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിക്കുന്നു. സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.അമേൻ.

**അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവ മക്കളാകുവാൻ അവൻ അധികാരം കൊടുത്തു' യോഹന്നാൻ 1:12**
**ഇനി "താങ്കൾ ആര്?" എന്ന വലിയ ചോദ്യത്തിന് നിങ്ങൾക്ക് ഇപ്പോൾ ഉറപ്പോടെ മറുപടി നൽകാം:'**
**'ഞാൻ ദൈവത്തിന്റെ പ്രിയപ്പെട്ട മകനാണ്/മകളാണ്.'**

**നിങ്ങൾ ഈ വിഷയം സംബന്ധിച്ചു കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വിവരങ്ങൾക്കും പ്രാർത്ഥനാ സഹായത്തിനും ഞങ്ങളുമായി ബന്ധപ്പെടുക.**

**REHOBOTH**
CHARITABLE TRUST
Umbidi P.O., Karukachal
Contact@TheRabTrust.org

